17371
11/12/15

# കേരള സർക്കാർ

## സംഗ്രഹം

പൊതുഭരണവകുപ്പ് - സ്പോർട്സ് ക്വാട്ടാ നിയമനപദ്ധതി - 2010-2014 വർഷങ്ങളിലെ ഒഴിവുകളിലേക്ക് മികച്ച കായികതാരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകുന്നതു സംബന്ധിച്ച വിജ്ഞാപനം - ഓൺലൈൻ അപേക്ഷ – നിർദ്ദേശങ്ങൾ നൽകി ഉത്തരവാകുന്നു.

---

**പൊതുഭരണ (സർവീസസ്-ഡി) വകുപ്പ്**

**സ.ഉ.(സാധാ) നം: 8768/15/പൊ.ഭ.വ. തീയതി,തിരുവനന്തപുരം, 07.12.2015**

പരാമർശം: സ.ഉ (പി) നം. 206/2014/പൊ.ഭ.വ തീയതി 23.07.2014.

## ഉത്തരവ്

2010 മുതൽ 2014 വരെയുള്ള അഞ്ചു കലണ്ടർ വർഷങ്ങളിലെ സ്പോർട്സ് ക്വാട്ടാ നിയമനത്തിനുള്ള അപേക്ഷകൾ ഓൺലൈനിലൂടെ മാത്രമേ സ്വീകരിക്കുകയുള്ളൂ എന്നു പരാമർശത്തിലെ ഉത്തരവു പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. ഇതിലേക്കായി www.sportsquota.sportscouncil.kerala.gov.in എന്ന വെബ്സൈറ്റും തയ്യാറാക്കിയിട്ടുണ്ട്.

ഓൺലൈൻ അപേക്ഷയുമായി ബന്ധപ്പെട്ട് താഴെ കൊടുത്തിരിക്കുന്ന നിർദ്ദേശങ്ങൾ നൽകി ഉത്തരവു പുറപ്പെടുവിക്കുന്നു.

(i) ഓൺലൈൻ വഴി അപേക്ഷ സ്വീകരിക്കുന്നതിന്റെ പൂർണ്ണ ഉത്തരവാദിത്വം കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിനായിരിക്കും.

(ii) ഏതെങ്കിലും തരത്തിൽ ഉദ്യോഗാർത്ഥിക്ക് ഓൺലൈൻ അപേക്ഷ അയയ്ക്കാൻ കഴിയാത്ത സാഹചര്യമുണ്ടായാൽ അവർക്ക് ആവശ്യമായ സഹായം ലഭ്യമാക്കുന്നതിന് ഒരു 'ഹെൽപ്പ് ഡെസ്ക് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽ തുറന്നു പ്രവർത്തിക്കേണ്ടതാണ്.

(iii) അപേക്ഷ സ്വീകരിച്ച് തുടങ്ങുന്ന തീയതി മുതൽ അവസാന തീയതി വരെ രാവിലെ പത്തുമണി മുതൽ വൈകിട്ട് അഞ്ച് മണിവരെ 'ഹെൽപ്പ് ഡെസ്ക്' പ്രവർത്തിക്കേണ്ടതാണ്.

(iv) 'ഹെൽപ്പ് ഡെസ്ക്'മായി ബന്ധപ്പെടുന്നതിന് കുറഞ്ഞത് രണ്ട് ടെലിഫോൺ നമ്പറുകളെങ്കിലും ലഭ്യമാക്കേണ്ടതാണ്.

(v) 'ഹെൽപ്പ് ഡെസ്കിൽ' നിന്നുള്ള നിർദ്ദേശപ്രകാരം ഉദ്യോഗാർത്ഥിക്ക് ഓൺലൈൻ അപേക്ഷ അയയ്ക്കാൻ കഴിയാത്ത സാഹചര്യമുണ്ടായാൽ അവരോട് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽ നേരിട്ട് വന്ന് അപേക്ഷ നൽകുവാൻ ആവശ്യപ്പെടേണ്ടതും, അങ്ങനെ വരുന്നവർക്ക് അപേക്ഷ സമർപ്പിക്കാനുള്ള സഹായം സ്പോർട്സ് കൗൺസിൽ ലഭ്യമാക്കേണ്ടതുമാണ്.

(vi) വിജ്ഞാപനത്തിൽ നിഷ്കർഷിച്ചിട്ടുള്ള സമയപരിധിയ്ക്കുള്ളിൽ ഏതെങ്കിലും ഉദ്യോഗാർത്ഥി ഓൺലൈൻ അപേക്ഷ നൽകാൻ ശ്രമിച്ചിട്ട് സാധിക്കാതെ 'ഹെൽപ്പ് ഡെസ്കിന്റെ' സഹായം അഭ്യർത്ഥിക്കുകയും അതു ലഭിക്കാതെ വരികയും അതുമൂലം നിയമനത്തിനുള്ള അവസരം നഷ്ടമാകുകയും ചെയ്താൽ അതിന്റെ പൂർണ്ണ ഉത്തരവാദിത്വം കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ സെക്രട്ടറിയ്ക്കായിരിക്കും.

**(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)**

**കെ.ആർ.ജ്യോതിലാൽ**
**സെക്രട്ടറി**

To

അക്കൗണ്ടന്റ് ജനറൽ ( ഓഡിറ്റ്/എ ആന്റ് ഇ), തിരുവനന്തപുരം
കായികയുവജനകാര്യ വകുപ്പ്
ഡയറക്ടർ, കായികയുവജനകാര്യാലയം, വെള്ളയമ്പലം, തിരുവനന്തപുരം.
സെക്രട്ടറി, കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ, തിരുവനന്തപുരം.
മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
വെബ് & ന്യൂ മീഡിയ , ഐ & പി.ആർ.ഡി സെക്രട്ടറി.
കരുതൽ / ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ